# പതിമൂന്നാം കേരള നിയമസഭ
# നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1359

21.03.2012 ൽ മറുപടിയ്ക്ക്

## ജില്ലാ സഹകരണ ബാങ്ക് ഭരണ സമിതികളെ പിരിച്ചുവിട്ട നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി) |
| (എ) സഹകരണ വായ്പാമേഖലയിലെ ത്രിതല സംവിധാനത്തിൽ ഉൾപ്പെടുന്ന സംഘങ്ങൾ/ബാങ്കുകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; | (എ) സഹകരണ ഹ്രസ്വകാല വായ്പാമേഖലയിലെ ത്രിതല സംവിധാനത്തിൽ പ്രാഥമിക തലത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളും/ബാങ്കുകളും, ജില്ലാ തലത്തിൽ സെൻട്രൽ ബാങ്കുകൾ/ജില്ലാ സഹകരണ ബാങ്കുകളും, സംസ്ഥാന തലത്തിൽ അപ്പക്സ് ബാങ്കായ കേരള സംസ്ഥാന സഹകരണ ബാങ്കുമാണ് പ്രവർത്തിക്കുന്നത്. |
| (ബി) വായ്പേതര മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കുകളിൽ വോട്ടവകാശമുള്ള എ ക്ലാസ്സ് അംഗത്വം നൽകുന്നത് സഹകരണ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായിട്ടാണോ; അല്ലെങ്കിൽ ഇത്തരം സംഘങ്ങളെ എ ക്ലാസ്സ് അംഗത്വത്തിൽ നിന്നും ഒഴിവാക്കുമോ; | (ബി) സഹകരണ നിയമത്തിനും ചട്ടത്തിനും, ബാങ്ക് നിയമാവലിയ്ക്കും അനുസൃതമായാണ് ജില്ലാ സഹകരണ ബാങ്കുകളിൽ വോട്ടവകാശമുള്ള എ ക്ലാസ്സ് അംഗത്വം നൽകുന്നത്. |
| (സി) 2001-2006 ൽ ജില്ലാ സഹകരണ ബാങ്കുകളിലും പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിലും ഉണ്ടായ അഴിമതികൾ സംബന്ധിച്ച അന്വേഷണങ്ങളിൽ എത്ര കോടി രൂപയുടെ നഷ്ടമുണ്ടായതായി കണ്ടെത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (സി) 2001-2006 കാലഘട്ടത്തിൽ സഹകരണ മേഖലയിൽ 32,61,33,385 രൂപയുടെ സാമ്പത്തിക അഴിമതികൾ/ക്രമക്കേടുകൾ നടന്നതായി കണ്ടെത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | വായ്പേതര സംഘങ്ങൾ അവരുടെ നിക്ഷേപത്തിന്റെ എത്ര ശതമാനം ജില്ലാ സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കേണ്ടതുണ്ട്; | (ഡി) | വായ്പേതര സംഘങ്ങൾ അവരുടെ നിക്ഷേപത്തിൽ നിന്നും ജില്ലാ സഹകരണ ബാങ്കിൽ നിക്ഷേപിക്കേണ്ട തുക സംബന്ധിച്ച് സഹകരണ നിയമത്തിലോ ചട്ടത്തിലോ വ്യവസ്ഥ ചെയ്തിട്ടില്ല. വായ്പേതര സംഘങ്ങൾക്ക് അവരുടെ മിച്ച ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസൃതമായി അവരുടെ ഫിനാൻസിങ് ബാങ്കായ ജില്ലാ ബാങ്കിൽ നിക്ഷേപം നടത്തേണ്ടതാണ്. |
| (ഇ) | വായ്പേതര സംഘങ്ങൾക്ക് അവയുടെ മാത്രമായ അപ്പക്സ് സംഘങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം സംഘങ്ങൾക്ക് മറ്റൊരു അപ്പക്സ് സ്ഥാപനത്തിൽ കൂടി വോട്ടവകാശത്തോടുകൂടി അംഗത്വം നൽകുന്നത് നിയമപരമാണോ എന്ന് വ്യക്തമാക്കുമോ; | (ഇ) | വായ്പേതര സംഘങ്ങളിൽ ചില വിഭാഗം സംഘങ്ങൾക്ക് അവരുടേതായ അപ്പക്സ് സംഘങ്ങൾ നിലവിലുണ്ടെങ്കിലും ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക് എന്നിവ യഥാക്രമം ജില്ലയിലേയും പലസ്ഥാപനത്തിലെയും എല്ലാ വിഭാഗം സഹകരണ സംഘങ്ങളുടെയും ധനസഹായ ബാങ്കുകളാണ്. ആയതിൽ ഇപ്രകാരം അംഗത്വം നൽകുന്നത് നിയമ വിരുദ്ധമല്ല. |
| (എഫ്) | ജിലാ സഹകരണ ബാങ്കുകളിലെ തെരഞ്ഞെടുത്ത ഭരണ സമിതികളെ ഓർഡിനൻസിലൂടെ പിരിച്ചുവിട്ട നടപടി 2001-2006 കാലഘട്ടത്തിൽ ജില്ലാ സഹകരണ ബാങ്കുകളിൽ നടന്ന അഴിമതിയും സാമ്പത്തിക ക്രമക്കേടും തുടരാൻ ഇടയാക്കുമെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (എഫ്) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ